വിശകലനം

ശ്രീമതി. സീനത്ത് എന്നവർ പേരാവൂർ ഗ്രാമപഞ്ചായത്തിലെ XI ാം വാർഡിൽ തോട്ടത്തിൽ ഖാദർ എന്നയാളുടെ XI/250 ാം നമ്പർ വീടിന് സമീപം ഒരു വീട് പണിയുകയും തോട്ടത്തിൽ ഖാദറിന്റെ വീടുമായുള്ള ദൂരപരിധി കുറവുമാണ് എന്ന കാരണം പറഞ്ഞ് പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നും സ്വന്തമായി വീട് വെച്ച് താമസിക്കുക എന്ന സ്വപ്നം പൂവണിയാത്ത സ്ഥിതിയാണ് ഉള്ളതെന്നും എന്റേയും കുടുംബത്തിന്റേയും ദയനീയ സാഹചര്യം കണക്കിലെടുത്ത് നമ്പർ ലഭിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തി വീട്ട് നമ്പർ അനുവദിച്ച് കിട്ടണമെന്നുമാണ് പരാതി.

ഉപജില്ലാ അദാലത്ത് പോർട്ടലിൽ ശ്രീമതി. സീനത്ത് തലേക്കണ്ടി , സീനത്ത് മൻസിൽ , ബങ്കളകുന്ന് , പേരാവൂർ എന്നവർ സമർപ്പിച്ച അപേക്ഷ ഉപജില്ല അദാലത്ത് സമിതി 08-08-2025 ന് രാവിലെ 11 മണിക്ക് പരിശോധിക്കുകയും അപേക്ഷകയെ നേരിൽ കേൾക്കുകയും ചെയ്തു. കൂടാതെ കെട്ടിടം നേരിട്ട് അപേക്ഷകയുടെ സാനിദ്ധ്യത്തിൽ സമിതി പരിശോധിക്കുകയും ചെയ്തു.

സൈറ്റ് പരിശോധിച്ചതിൽ നിന്നും പെർമിറ്റ് എടുത്തശേഷം നിർമ്മാണം ആരംഭിക്കികയും പെർമിറ്റ് പുതുക്കിയ ശേഷം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്ത ഇരുനില വാസഗൃഹ കെട്ടിടമാണ്. Ground + First + Stair നിലകളുള്ള കെട്ടിടത്തിന് Average ground level ൽ നിന്നും ഉയരം 7 മീറ്ററിൽ കുറവാണ്. കെട്ടിടങ്ങൾ തമ്മിൽ 2 മീറ്റർ അകലം ലഭ്യമല്ല. 1.05 മീ , 1.25 മീ എന്നീ അളവുകൾ മാത്രമാണ് ലഭ്യമാകുന്നത്. കെട്ടിട നിർമ്മാണം ആരംഭിക്കുന്ന സമയത്ത് ഉള്ള പ്ലാനിൽ ഉള്ള അളവുകൾ , പൂർത്തീകരണത്തിന് ശേഷം ഭൂമിയുടെ വിസ്തൃതി , കെട്ടിടത്തിന്റെ അളവുകൾ എന്നിവകളിലും വ്യത്യാസം വന്നതായി കാണുന്നു. പഞ്ചായത്ത് സെക്രട്ടറി ചൂണ്ടി കാണിച്ചിട്ടുള്ള ന്യൂനതകൾ ഇതേവരെ പരിഹരിച്ചതായും കാണുന്നില്ല.

തീരുമാനം

അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ , സൈറ്റ് പ്ലാൻ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ പ്ലോട്ട് അതിർത്തി/വിസ്തൃതി എന്നിവയിലുള്ള അവ്യക്തത നീക്കേണ്ടതാണ്. പ്ലോട്ട് അതിരിൽ വ്യക്തത വരുത്തുന്ന സാഹചര്യത്തിൽ കെട്ടിടത്തിന്റെ ഉയരം , അതിരിലേക്കുള്ള അകലം എന്നിവ പരിഗണിച്ച് കെപിബിആർ 2019 ചട്ടം 26(4) Proviso ക്ക് വിധേയമായി സമീപ ഭൂമിയുടെ ഉടമസ്ഥന്റെ സമ്മതപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അല്ലാത്തപക്ഷം പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം കെപിബിആർ 2019 ന് വിധേയമായി ക്രമവൽക്കരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.